"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ഐ സി ഡി എസ് - ആറന്മുള ഗ്രാമ പഞ്ചായത്ത് അങ്കണവാടി സെന്റർ നം.31 ന് കെട്ടിട നിർമ്മാണത്തിനുള്ള വകുപ്പ് വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.338/2025/WCDD    തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-
1. സ.ഉ(സാധാ)നം.15/2025/WCDD തീയതി 10/01/2025.
2. വനിത ശിശു വികസന ഡയറക്ടറുടെ 22/02/2025 തീയതിയിലെ DWCD/7043/2024-ICDS A8 നമ്പർ കത്ത്.

**ഉത്തരവ്**

വനിത ശിശുവികസന വകുപ്പിൻ കീഴിൽ സംസ്ഥാനത്താകെ പ്രവർത്തിക്കുന്ന 33120 അങ്കണവാടികളിൽ 7072 എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അങ്കണവാടികളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അങ്കണവാടികൾ നിർമ്മിച്ചു വരുന്നുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികൾക്കും എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

(2) പത്തനംതിട്ട ജില്ലയിലെ പന്തളം-2 ഐസിഡിഎസ് പ്രോജക്ട് പരിധിയിലെ ആറന്മുള ഗ്രാമപഞ്ചായത്തിലെ 31ാം നമ്പർ അങ്കണവാടിയ്ക്ക് ലഭ്യമായ സ്ഥലത്ത് 36,00,000/- രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി 16,85,000/- രൂപ വകുപ്പിൽ നിന്നും അനുവദിക്കുന്നതിനും , ശേഷിക്കുന്ന 19,15,000/- രൂപ ബഹു. എം.പി. ശ്രീ.ആന്റോ ആന്റണിയുടെ വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കുമെന്നുള്ള ഭരണസമിതി തീരുമാനവും, ടി സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന സാക്ഷ്യപത്രവും, സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള സാക്ഷ്യപത്രവും, തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റും, പ്ലാനും പ്രോപ്പോസലിനോടൊപ്പം വനിത ശിശു വികസന ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്നുള്ള അങ്കണവാടി കെട്ടിട നിർമ്മാണം പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ CCO ആയിട്ടുള്ള 4235-02-102-87(P) ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന ബജറ്റ് വിഹിതം 592.36 ലക്ഷം രൂപയായി പുന:ക്രമീകരിച്ച് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ വകുപ്പ് വിഹിതമായ 16,85,000/- രൂപയും (പതിനാറ് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) ബഹു.

എം.പി.ശ്രീ.ആന്റോ ആന്റണിയുടെ വികസന ഫണ്ടിൽ നിന്നും 19,15,000/- രൂപയും (പത്തൊൻപത് ലക്ഷത്തി പതിനയ്യായിരം രൂപാ മാത്രം) ചേർത്ത് ആകെ 36,00,000/- രൂപ (മുപ്പത്തിയാറ് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റും, പ്ലാനും പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി, വകുപ്പ് വിഹിതമായ 16,85,000/- രൂപ (പതിനാറ് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) 4235-02-102-87(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി എന്നിവ നൽകി ഉത്തരവാകണമെന്നും, ടി നിർമ്മാണ പ്രവർത്തിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം ഇല്ലാത്തതിനാൽ ഇതൊരു സ്പെഷ്യൽ കേസായി പരിഗണിച്ച്, പ്ലാൻ പ്രയോറിട്ടൈസൈഷന്റെ ഭാഗമായി തുക പര്യാപ്തമല്ലാത്ത പക്ഷം അഡീഷണൽ ആതറൈസേഷൻ മുഖേന തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട് .

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആറന്മുള ഗ്രാമ പഞ്ചായത്തിലെ 31-ാം നമ്പർ അങ്കണവാടിയ്ക്ക് വകുപ്പ് വിഹിതമായി 4235-02-102-87(P) ശീർഷകത്തിൽ നിന്നും ₹ **16,85,000/-** (പതിനാറ് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) രൂപയും എം.പി. വികസന ഫണ്ടിൽ നിന്നും ₹19,15,000/- (പത്തൊമ്പത് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപയും ചേർത്ത് ആകെ ₹36,00,000/-(മുപ്പത്തിയാറ് ലക്ഷം രൂപ മാത്രം) രൂപയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റും, പ്ലാനും പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sithara Vijayan**
**Date: 22-07-2025 00:10:05**
സെക്ഷൻ ഓഫീസർ